വേനലവധിക്ക് മുമ്പ് പാഠപുസ്തകങ്ങൾ എത്തും: മുഖ്യമന്ത്രി

തിരുവനന്തപുരം: തുടർച്ചയായ രണ്ടാം വർഷവും വേനലവധിക്ക മുമ്പ് അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ കുട്ടികളുടെ കയ്യിൽ എത്തുകയാണെന്ന് മുഖ്യമന്ത്രിയുടെ ഫേസ്ബുക്ക് പോസ്റ്റ്.

പാഠപുസ്തക വിതരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം എറണാകുളത്ത് നടന്നു. ഒന്നുമുതൽ അഞ്ചു വരെ ക്ലാസുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ വിതരണം ആരംഭിച്ചു. 3.25 കോടി പാഠപുസ്തകങ്ങൾക്കുള്ള അച്ചടി ഓർഡറാണ് കെ.ബി.പി.എസിന് നൽകിയിരിക്കുന്നത്.

www.keralakaumudi.com www.facebook.com/keralakaumudi

ഭീകരാക്രമണം: മുഖ്യമന്ത്രി അപലപിച്ചു

തിരുവനന്തപുരം: ജമ്മു കശ്മീരിലെ പുൽവാമയിൽ സി.ആർ.പി.എഫ് വാഹനവ്യൂഹത്തിന്നേരെയുണ്ടായ ഭീകരാക്രമണമണത്തെ മുഖ്യമന്ത്രി പിണറായിവിജയൻ അപലപിച്ചു. രാജ്യരക്ഷാ സേവനത്തിനിടയിൽ ജീവൻ നഷ്ടപ്പെട്ട സൈനികരുടെ ദുഖാർത്തരായ കുടുംബാംഗങ്ങളെ മുഖ്യമന്ത്രി അനുശോചനം അറിയിച്ചു. കശ്മീരിൽ സമാധാനം ഉറപ്പാക്കാനുള്ള എല്ലാ നടപടികളും കേന്ദ്രസർക്കാർ സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ഒറ്റക്കെട്ടായി ചെറുക്കും: രമേശ് ചെന്നിത്തല

തിരുവനന്തപുരം: ഐക്യവും അഖണ്ഡതയും തകർക്കാൻ ഭീകരർ നടത്തുന്ന ശ്രമങ്ങളെ രാഷ്ട്രം ഒറ്റക്കെട്ടായി ചെറുത്ത് തോല്പിക്കുമെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു.

പുൽവാമയിലെ ഭീകരാക്രമണത്തിൽ ജീവൻ വെടിഞ്ഞ സൈനികർക്ക് അദ്ദേഹം ആദരാഞ്ജലികൾ അർപ്പിച്ചു. ഇന്ത്യയെ തകർക്കുന്നതിന് അതിർത്തിക്കപ്പുറത്ത് നിന്നുമുയരുന്ന എല്ലാ നീക്കങ്ങളെയും നിർദ്ദാക്ഷിണ്യം അടിച്ചമർത്തണം. രാജ്യം ഒന്നിച്ച് നിന്ന് ഭീകരതയെ ചെറുക്കേണ്ട സമയമാണിത്. കൊല്ലപ്പെട്ട മലയാളി സൈനികൻ വസന്ത് കുമാറിന്റെ കുടംബത്തിന് എല്ലാവിധ സഹായങ്ങളും എത്തിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്നും ചെന്നിത്തല ആവശ്യപ്പെട്ടു.

ധീരസൈനികർക്ക് ശ്രദ്ധാഞ്ജലി: സ്വാമി വിശുദ്ധാനന്ദ

തിരുവനന്തപുരം: ജമ്മുകാശ്മീരിലെ പുൽവാമയിൽ രാജ്യത്തിനായി ജീവത്യാഗം ചെയ്ത ധീരസൈനികർക്ക്, ശ്രീനാരായണ ധർമ്മ സംഘം പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഹത്യകൾക്ക് കാരണമാകുന്നത് മനുഷ്യത്വമില്ലായ്മയാണെന്ന് അദ്ദേഹം പറഞ്ഞു. മനുഷ്യത്വം കാരുണ്യത്തിലൂടെയും സഹോദര്യത്തിലൂടെയുമാണ് ഉണ്ടാകേണ്ടത്. ദേശത്തെയും ധർമ്മത്തെയും സംസ്കാരത്തെയും പരിരക്ഷിക്കുന്ന ധീര കർമ്മ ഭടന്മാർക്ക് സംഭവിച്ച ദുരന്തത്തിൽ അഗാധമായി ദുഃഖിക്കുന്നു. ദേശഭേദമന്യേ മനുഷ്യസമൂഹം, മനുഷ്യത്വത്തിന്റെ പാതയിലേക്ക് തിരിച്ച വരട്ടെയെന്നു പ്രാർത്ഥിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ബി.ജെ.പി ദുഃഖാചരണം

തിരുവനന്തപുരം: പുൽവാമയിലെ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട ധീരജവാൻമാരോടുള്ള ആദരസൂചകമായി ഇന്നലത്തെ എല്ലാ പാർട്ടി പരിപാടികളും റദ്ദാക്കാൻ ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ അഡ്വ. പി.എസ്. ശ്രീധരൻ പിള്ള നിർദ്ദേശിച്ചു.

പ്രാർത്ഥനാനിർഭരമായി ദിവസം ചെലവഴിക്കാൻ അദ്ദേഹം സഹപ്രവർത്തകരോടും അനുഭാവികളോടും അഭ്യർത്ഥിച്ചു. രാഷ്ട്രത്തോടുള്ള യുദ്ധ പ്രഖ്യാപനമാണ് പുൽവാമയിൽ കഴിഞ്ഞ ദിവസം നടന്നത്. ഇന്ത്യൻ സൈന്യവും സർക്കാരും ഇതിനു കൃത്യമായ മറുപടി നൽകുമെന്ന ഉറപ്പാം വിശ്വാസവും ഉണ്ട്. വീരമൃത്യു വരിച്ച ധീരജവാന്മാരുടെ കുടുംബത്തിന്റെ ദുഃഖത്തിൽ കേരളത്തിലെ മുഴുവൻ ബി.ജെ.പി പ്രവർത്തകരും പങ്കുചേരുന്നതായും ശ്രീധരൻ പിള്ള അറിയിച്ചു.

എൽ.ഡി.എഫ് വടക്കൻ മേഖലാജാഥ ഇന്ന് മുതൽ

തിരുവനന്തപുരം: ലോക്സഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി എൽ.ഡി.എഫ് നേതൃത്വത്തിലുള്ള വടക്കൻ മേഖലാ ജാഥ ഇന്ന് വൈകിട്ട് നാലിന് കാസർകോട് ജില്ലയിലെ മഞ്ചേശ്വരം ഉപ്പളയിൽ സി.പി.എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി ഉദ്ഘാടനം ചെയ്യും. സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രന്റെ നേതൃത്വത്തിലുള്ള ജാഥ മാർച്ച് രണ്ടിന് തൃശ്ശൂരിൽ സമാപിക്കും.

സി.പി.എം കേന്ദ്ര കമ്മിറ്റി അംഗം എം.വി. ഗോവിന്ദൻ, എൻ. പീതാംബരൻ (എൻ.സി.പി), രാമചന്ദ്രൻ കടന്നപ്പള്ളി (കോൺഗ്രസ്-എസ്), സ്കറിയാ തോമസ് (കേരള കോൺഗ്രസ്), കെ.പി. മോഹനൻ (ലോക് താന്ത്രിക് ജനതാദൾ), പി. ഹംസാജി (ഐ.എൻ.എൽ), ഫ്രാൻസിസ് ജോർജ് (ജനാധിപത്യ കേരള കോൺഗ്രസ്), അഡ്വ. പോൾ ജോസഫ് (കേരള കോൺഗ്രസ്- ബി) എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ പ്രസംഗിക്കും.

പൊങ്കാല: ധനകാര്യ സ്ഥാപനങ്ങൾക്ക് അവധി

തിരുവനന്തപുരം: ആറ്റുകാൽപൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് നഗരത്തിലെ അനിയന്ത്രിതമായ ഭക്തജനത്തിരക്കും, ഗതാഗതക്കുരുക്കും കണക്കിലെടുത്ത് സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി നഗരസഭാ പരിധിയിൽ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾക്ക് പൊങ്കാല ദിവസമായ 20ന് അവധി അനുവദിച്ച് കൊണ്ട് സർക്കാർ ഉത്തരവായി.

നഴ്സുമാർ പണിമുടക്കി

രോഗിയുടെ മേൽ ട്രേ വച്ച നഴ്സിനെ ശിക്ഷിച്ച ഡോക്ടർക്ക് സ്ഥലം മാറ്റം

കോട്ടയം: രോഗിയുടെ ശരീരത്തിൽ മരുന്നുകൾ അടങ്ങിയ ട്രേകൾ വച്ച ടെയിനി നഴ്സിന് സമാനശിക്ഷനൽകിയ കോട്ടയം മെഡിക്കൽ കോളേജ് സർജറി വിഭാഗം മേധാവി ഡോ. ജോൺ എസ്. കുര്യനെ സ്ഥലംമാറ്റി. നഴ്സിംഗ് സംഘടനകളുടെ സമരത്തെത്തുടർന്നാണ് നടപടി. അതേസമയം രോഗിക്ക വേണ്ടി സമരം ചെയ്യാൻ ആരുമില്ലാത്തതിനാൽ നഴ്സിനെതിരെ നടപടിയെടുത്തില്ല.

തിങ്കളാഴ്ചയായിരുന്നു വിവാദ സംഭവം. ബൈക്കപകടത്തിൽ പാൻക്രിയാസിന് ക്ഷതമേറ്റതിനാൽ ശസ്ത്രക്രിയ കഴിഞ്ഞ് കിടന്ന കുറുച്ചാൽ ഇടയിരിക്കപ്പെഴ സ്വദേശിയായ യുവാവിന്റെ ശരീരത്തിലാണ് നഴ്സ് ട്രേകൾ വച്ചത്. ഇത് കണ്ട ഡോക്ടർ നഴ്സിനെ ശാസിക്കുകയും പാഠം കഴിഞ്ഞ് പരിശീലനത്തിന് എത്തിയതാണെന്ന് മനസിലായപ്പോൾ കട്ടിലിൽ കിടക്കാൻ ആവശ്യപ്പെടുകയും ഇതേ ട്രേകൾ നഴ്സിന്റെ കാലിൽവയ്ക്കുകയുംചെയ്തെന്നാണ് ആക്ഷേപം. ഹെഡ് നഴ്സും രോഗികളുംകണ്ടു നിൽക്കെയുണ്ടായ ഈ നടപടി മനോവിഷമം ഉണ്ടാക്കിയെന്ന് നഴ്സ് പരാതിപ്പെട്ടു.

ഇതിന്റെ പേരിൽ ഇന്നലെ രാവിലെ നഴ്സിംഗ് സംഘടനകൾ ആശുപത്രിയിൽ സമരം നടത്തി. തുടർന്നാണ് ഡോക്ടറെ സ്ഥലം മാറ്റാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവിട്ടത്. അതേസമയം രോഗിയുടെ പരാതിയിൽ നടപടിയുണ്ടായില്ല. ട്രേകൾ വച്ചത് മൂലം ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടായതായി പരാതിയിൽ പറയുന്നു.

ക്ഷമ ചോദിക്കാമെന്ന് ഡോക്ടർ

പഠനം കഴിഞ്ഞ് പരിശീലനത്തിനെത്തിയ കുട്ടി തെറ്റായ ശീലം പഠിക്കരുതെന്ന് കരുതിയാണ് ശിക്ഷിച്ചതെന്ന് ഡോ. ജോൺ എസ്. കുര്യൻ പറഞ്ഞു.

മരുന്നുകളും മറ്റ് ഉപകരണങ്ങളും ഉൾപ്പെടെ ഒന്നര കിലോ വീതമുള്ള രണ്ട് ട്രേകളാണ് രോഗിയുടെ തുടയിലും കാലിലും നഴ്സ് വച്ചത്. ശീലത്തിന്റെ ഭാഗമായി നഴ്സുമാർ ഇങ്ങനെ ചെയ്യാറുണ്ടെങ്കിലും പൃതുതലമുറയിൽപ്പെട്ട നഴ്സ് തെറ്റായ ശീലം പഠിക്കരുതെന്ന് കരുതി അതിന്റെ ബുദ്ധിമുട്ട് മനസിലാക്കിക്കൊടുക്കുക മാത്രമാണ് ചെയ്തത്.

നഴ്സിന് മാനസിക വിഷമുണ്ടായെങ്കിൽ ക്ഷമ ചോദിക്കാമെന്നും സ്ഥലം മാറ്റം മാദ്ധ്യമങ്ങളിലൂടെയാണ് അറിഞ്ഞതെന്നും ഡോക്ടർ പറഞ്ഞു.

> ഈ ഡോക്ടർ സഹപ്രവർത്തകരെ മാനസികമായി പീഡിപ്പിക്കുന്നത് പതിവാണ്. ട്രേയിൽ ഭാരം കുറഞ്ഞ സാധനങ്ങളാണ് ഉണ്ടായിരുന്നത്. നഴ്സ് കരഞ്ഞു പറഞ്ഞിട്ടും ഡോക്ടർ ശിക്ഷിച്ചു. തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ഇങ്ങനെയല്ല ശിക്ഷിക്കേണ്ടത്
>
> - ഹെന ദേവദാസ്
> ഗവ.നഴ്സ് അസോ സംസ്ഥാന കമ്മിറ്റി അംഗം

സാദ്ധ്യതാപട്ടിക

ബി.ജെ.പി കോർ കമ്മിറ്റി യോഗത്തിൽ വിമർശനം

കൊച്ചി: ബി.ജെ.പിയുടെ സാദ്ധ്യതാ സ്ഥാനാർത്ഥിപട്ടിക ഏകപക്ഷിയമായി തയ്യാറാക്കിയെന്ന പരാതി കോർ കമ്മിറ്റി യോഗത്തിൽ വിമർശനത്തിനിടയാക്കി.

ഒരു വിഭാഗം യോഗം ബഹിഷ്കരിച്ചതോടെ സാദ്ധ്യതാ പട്ടിക നൽകിയിട്ടില്ലെന്ന് സംസ്ഥാന പ്രസിഡന്റ് പി.എസ്. ശ്രീധരൻപിള്ള വിശദീകരിച്ചു. പരാതി രമ്യമായി പരിഹരിക്കാൻ കേന്ദ്ര നേതൃത്വം നിർദ്ദേശിച്ചതായാണ് സൂചന.

ഓരോ മണ്ഡലത്തിലും മത്സരിക്കാൻ കഴിയുന്നവരുടെ പട്ടിക കേന്ദ്ര നേതൃത്വത്തിന് നൽകിയതാണ് വിമർശനത്തിന് വഴിതെളിച്ചത്. തങ്ങളുമായി ആലോചിക്കാതെയാണ് പട്ടിക നൽകിയതെന്ന് വി. മുരളീധരനെ അനുകൂലിക്കുന്നവർ പരാതിപ്പെട്ടിരുന്നു. ഇന്നലെ വൈകിട്ട് ബി.ടി.എച്ച് ഹോട്ടലിൽ ചേർന്ന കോർ കമ്മിറ്റി യോഗത്തിൽ വി. മുരളീധരൻ, കെ. സുരേന്ദ്രൻ, സി.കെ. പത്മനാഭൻ തുടങ്ങിയവർ പങ്കെടുക്കാതിരുന്നത് പ്രതിഷേധം അറിയിക്കാനാണെന്നും ആക്ഷേപം ഉയർന്നു.

വ്യക്തിപരമായ കാരണങ്ങളാലാണ് ചിലർ പങ്കെടുക്കാത്തതെന്നാണ് പാർട്ടിയുടെ വിശദീകരണം. ചിലർ സ്ഥലത്തില്ല. കോർ കമ്മിറ്റി യോഗങ്ങളിൽ എല്ലാവരും പങ്കെടുക്കാറില്ലെന്നും അവർ പറയുന്നു.

കേന്ദ്ര നേതൃത്വത്തിന് താൻ സാദ്ധ്യതാപട്ടിക കൈമാറിയിട്ടില്ലെന്ന് യോഗത്തിനിടെ പുറത്തിറങ്ങിയ ശ്രീധരൻപിള്ള പറഞ്ഞു. ഡൽഹിക്ക് പോയിട്ടില്ല. സ്ഥാനാർത്ഥികളെ തീരുമാനിക്കേണ്ടത് കേന്ദ്രനേതൃത്വമാണ്. തുഷാർ വെള്ളാപ്പള്ളി മത്സരിക്കണമോയെന്ന് തീരുമാനിക്കുന്നത് ബി.ഡി.ജെ.എസാണെന്നും അദ്ദേഹം പറഞ്ഞു.

സ്ഥാനാർത്ഥി നിർണയവുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാൻ കോർ കമ്മിറ്റി യോഗത്തിൽ പങ്കെടുത്ത ദേശീയ ജനറൽ സെക്രട്ടറി മുരളീധരറാവു നിർദ്ദേശിച്ചതായാണ് വിവരം.

> സാദ്ധ്യതാ പട്ടിക നൽകിയിട്ടില്ലെന്ന് ശ്രീധരൻ പിള്ളയുടെ വിശദീകരണം

തദ്ദേശ ഉപതിരഞ്ഞെടുപ്പ്: എൽ.ഡി.എഫ് 16, യു.ഡി.എഫ് 12

മേൽക്കൈ ഇടതിനെങ്കിലും 5 സീറ്റിൽ യു.ഡി.എഫ് അട്ടിമറി

- ആലപ്പുഴ ജില്ലാ കോടതി വാർഡിൽ യു.ഡി.എഫ് വിമതന് ജയം
- ഒഞ്ചിയത്ത് ആർ.എം.പി സീറ്റ് നിലനിറുത്തി, ബി.ജെ.പിക്കു സീറ്റില്ല

തിരുവനന്തപുരം: ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പ്രചരണത്തുടക്കത്തിനു മുമ്പേ, സംസ്ഥാനത്ത് പന്ത്രണ്ടു ജില്ലകളിൽ ഇന്നലെ നടന്ന തദ്ദേശ ഉപതിരഞ്ഞെടുപ്പുകളിൽ എ.ഡി.എഫിന് മേൽക്കൈ.

അതേസമയം, എൽഡി.എഫിന്റെ അഞ്ച് സീറ്റുകളിൽ യു.ഡി.എഫ് അട്ടിമറി വിജയം നേടി. യു.ഡി.എഫിന് മുന്നു വാർഡുകൾ നഷ്ടമായപ്പോൾ ബി.ജെ.പിക്ക് ഒരിടത്തും സീറ്റ് പിടിക്കാനായില്ല.

കണ്ണൂർ ജില്ലയിൽ ഉപതെരഞ്ഞെടുപ്പ് നടന്ന മുഴുവൻ വാർഡിലും എൽഡിഎഫ് ജയിച്ചു. ഒഞ്ചിയത്ത് ആർ.എം.പി സീറ്റ് നിലനിർത്തി. മലപ്പുറം കാവന്നൂർ നളയൂരിൽ ഇടത് സ്വതന്ത്ര വിജയിച്ചു. ആലപ്പുഴ മുനിസിപ്പാലിറ്റി ജില്ലാ കോടതി വാർഡിൽ പാർട്ടി വിമതൻ ജയിച്ചതാണ് യു.ഡി.എഫിന് നാണക്കേടായത്.

തിരഞ്ഞെടുപ്പ് നടന്ന 30 തദ്ദേശ വാർഡുകളിൽ എൽ.ഡി.എഫ് 16 സീറ്റിലും യു.ഡി.എഫ് 12 സീറ്റിലുമാണ് വിജയിച്ചത്. സീറ്റുകളുടെ എണ്ണത്തിൽ എൽ.ഡി.എഫ് ആണ് മുന്നിലെങ്കിലും സിറ്റിംഗ് സീറ്റുകളിൽ രണ്ടെണ്ണം നഷ്ടമായി. യു.ഡി.എഫിന് ആലപ്പുഴയിൽ രണ്ടും മലപ്പുറത്ത് ഒരു വാർഡുമാണ് നഷ്ടമായത്. മലപ്പുറം ജില്ലയിൽ ഒരു ബ്ലോക്ക് പഞ്ചായത്തിലും ഗ്രാമ പഞ്ചായത്തിലും യു.ഡി.എഫ് ഭരണം എൽ.ഡി.എഫ് പിടിക്കുമെന്ന് ഉറപ്പായി.

തിരുവനന്തപുരം കളളിക്കാട് പഞ്ചായത്തിൽ എൽ.ഡി.എഫ് സിറ്റിംഗ് സീറ്റായിരുന്ന ചാമവിളവിളപ്പുറം വാർഡിൽ യു.ഡി.എഫ് സ്ഥാനാർത്ഥി സദാശിവൻകാണി വിജയിച്ചു.

- കണ്ണൂർ ജില്ലയിൽ ഉപതിരഞ്ഞെടുപ്പ് നടന്ന മുഴുവൻ വാർഡിലും എൽഡിഎഫ് ജയിച്ചു
- യു.ഡി.എഫിന് ആലപ്പുഴയിൽ രണ്ടും മലപ്പുറത്ത് ഒരു വാർഡും നഷ്ടമായി
- കളളിക്കാട് പഞ്ചായത്തിൽ എൽ.ഡി.എഫ് സീറ്റ് യു.ഡി.എഫ് സ്വന്തമാക്കി

എൽ.ഡി.എഫ് ജയിച്ചമറ്റ് വാർഡുകൾ

കായംകുളം പന്ത്രണ്ടാം വാർഡ്, കൈനകരി ഗ്രാമപഞ്ചായത്തിലെ ഭജനമഠം, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ വൈറ്റില ജനത വാർഡ്, പാലക്കാട് തിരുമിറ്റക്കോട് പഞ്ചായത്തിലെ കറുക പുത്തൂർ, നെല്ലിയാമ്പതി ലില്ലി ഡിവിഷൻ, മലപ്പുറം തിരൂർ ബ്ലോക്ക് പുറത്തൂർ ഡിവിഷൻ, കോഴിക്കോട് കോട്ടൂർ പഞ്ചായത്തിലെ നരയംകുളം, പുതുപ്പാടി പഞ്ചായത്തിലെ വെസ്റ്റ് കൈതപ്പൊയിൽ, കണ്ണൂർ കീഴല്ലൂർ പഞ്ചായത്തിലെ എളമ്പാറ, കല്യശേരി പഞ്ചായത്തിലെ വെള്ളാഞ്ചിറ, ശ്രീകണ്ഠപുരം നഗരസഭയിലെ കാവുമ്പ.

യു.ഡി.എഫ് വിജയിച്ചമറ്റ് വാർഡുകൾ

കരുവാറ്റ ഗ്രാമപഞ്ചായത്തിലെ നാരായണവിലാസം, കോട്ടയം നീണ്ടൂർ ഗ്രാമ പഞ്ചായത്തിലെ കൈപ്പുഴ പോസ്റ്റാഫീസ് വാർഡ്, ഒക്കൽ പഞ്ചായത്ത് 14-ാം വാർഡ്, കോട്ടപ്പടി പഞ്ചായത്ത് ഒന്നാം വാർഡ്, കുന്നകര പഞ്ചായത്തിലെ ഒമ്പതാം വാർഡ്, അഗളി പഞ്ചായത്തിലെ പാക്കുളം, പാലക്കാട് മുനിസിപ്പാലിറ്റി കൽപ്പാത്തി വാർഡ്, താമരശേരി പള്ളിപ്പറം, വയനാട് ബത്തേരി നെന്മേനി പഞ്ചായത്തിലെ മംഗലം,

■ ഇമാം ബംഗളൂരുവിലേക്ക് കടന്നു

രക്ഷപ്പെടാൻ സഹായിച്ച സഹോദരന്മാർ കസ്റ്റഡിയിൽ

തിരുവനന്തപുരം / കൊച്ചി : പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ പ്രതിയായ ഇമാം ഷെഫീക്ക് അൽ ഖാസിമി ബംഗളൂരുവിലേക്ക് കടന്നു. ഷെഫീക്കിനെ ഒളിവിൽ താമസിക്കാനും രക്ഷപ്പെടാനും സഹായിച്ച മൂന്ന് സഹോദരന്മാരെ കൊച്ചിയിൽ നിന്ന് നെടുമങ്ങാട് ഷാഡോ പൊലീസ് കസ്റ്റഡിയിലെടുത്തു. അൽ അമീൻ, അൻസാരി, ഷാജി എന്നിവരാണ് കസ്റ്റഡിയിലുള്ളത്.

എറണാകുളം തൃപ്പൂണിത്തുറ കരിങ്ങാച്ചിറ വൈമീതിയിലാണ് അൽ അമീൻ (53) താമസിക്കുന്നത്. പെൺകുട്ടിയെ കൊണ്ടുപോയ ഇന്നോവാ കാറും ഇവിടെ നിന്ന് കസ്റ്റഡിയിലെടുത്തു. ഷെഫീക്ക് അൽ അമീന്റെ വീട്ടിലാണ് ഒളിവിൽ കഴിഞ്ഞത്. തുടർന്ന് ഇവിടെ നിന്ന് മറ്റൊരു കാറിലാണ് ബംഗളൂരുവിലേക്ക് കടന്നത്. അൽ അമീൻ എറണാകുളത്തെ ചെരുപ്പ് വ്യാപാരിയാണ്. കസ്റ്റഡിയിലുള്ളവരെ ഇന്ന് പുലർച്ചയോടെ നെടുമങ്ങാട് ഡിവൈ.എസ്.പി ഓഫീസിലെത്തിച്ചു.

മാനഭംഗപെടുത്തിയെന്ന് പെൺകുട്ടി മൊഴി നൽകിയതും, വൈദ്യപരിശോധനയിൽ പീഡനം വ്യക്തമായതോടെയുമാണ് ഇമാംബംഗളൂരുവിലേക്ക് കടന്നത്. ഇയാളിൽ നിന്ന് മുമ്പും മോശം അനുഭവമുണ്ടായതായും പെൺകുട്ടി മൊഴി നൽകി. അതിനിടെ ജാമ്യം കിട്ടില്ലെന്ന് ഇമാമിന്റെ അഭിഭാഷകനും നിയമോപദേശം നൽകി.

അതേസമയം, പെൺകുട്ടിയുടെ രക്ഷിതാക്കൾ അന്വേഷണവുമായി ഇപ്പോൾ സഹകരിക്കുന്നുണ്ടന്ന് അന്വേഷണ ഉദ്യോഗസ്ഥനായ നെടുമങ്ങാട് ഡിവൈ.എസ്.പി ഡി. അശോകൻ പറഞ്ഞു. പെൺകുട്ടിയുടെ ഭാവി ഓർത്താണ് പരാതി നൽകാതിരുന്നതെന്നും മാനഭംഗപെട്ടത്തിയെന്ന് അറിയില്ലായിരുന്നുവെന്നുമാണ് മാതാവ് പൊലീസിനോട് പറഞ്ഞത്. ചൈൽഡ്ലൈനിന്റെ സംരക്ഷണയിൽ മൂന്ന് ദിവസം കൗൺസലിംഗ് നൽകിയ ശേഷമാണ് പെൺകുട്ടി മൊഴി നൽകിയത്.

അമ്മയുടെ മുന്നിൽ മക്കളെ കൊന്ന കേസിൽ വലിയച്ഛന് വധശിക്ഷ

പത്തനംതിട്ട: അമ്മയുടെ കൺമുന്നിൽ രണ്ടു മക്കളെ കൊലപ്പെടുത്തിയ കേസിൽ പ്രതിയായ വലിയച്ഛന് വധശിക്ഷ. റാന്നി കീക്കൊഴൂർ മാടേത്തത്ത് വീട്ടിൽ തോമസ് ചാക്കോയ്ക്കാണ് (ഷിബു 47) പത്തനംതിട്ട അഡിഷണൽ സെഷൻസ് ജഡ്ജി എൻ. ഹരികുമാർ ശിക്ഷ വിധിച്ചത്. കുട്ടികളുടെ അമ്മയ്ക്ക് പ്രതി 5,45,000 രൂപ നഷ്ടപരിഹാരം നൽകുകയും വേണം.

റാന്നി കീക്കൊഴൂർ മാടത്തേത്ത് വീട്ടിൽ ഷൈബുവിന്റെയും (മാത്യു ചാക്കോ) ബിന്ദുവിന്റെയും മക്കളായ മെൽവിൻ (7), മെബിൻ (3) എന്നിവരെ കുത്തിക്കൊലപ്പെടുത്തിയ കേസിലാണ് ഷൈബുവിന്റെ ജ്യേഷ്ഠൻ ഷിബുവിനുള്ള ശിക്ഷ. സ്വത്തു തർക്കമായിരുന്നു കൊലയ്ക്കു പ്രേരണ.

2013ഒക്ടോബർ27നാണ്കേസിന് ആസ്പദമായ സംഭവം. കുടുംബസ്വത്ത് വീതംവയ്ക്കുന്നതുമായി ബന്ധപ്പെട്ട് പിണങ്ങി മാറിത്താമസിക്കുകയായിരുന്ന ഷിബു സംഭവദിവസം രാവിലെ ഷൈബുവിന്റെ വീട്ടിലെത്തിയാണ് കൃത്യം നടത്തിയത്. മുറ്റത്തു നിൽക്കുകയിരുന്ന ഏഴുവയസുകാരൻ മെൽവിനെ പ്രതി കുത്തി. തടയാൻ ശ്രമിച്ച ബിന്ദുവിന്റെ മുഖത്ത് മുളകുപൊടി വിതറി മർദ്ദിച്ചു. അതിനു ശേഷം വീടിനുള്ളിലായിരുന്ന മെബിനെയും കുത്തിക്കൊലപ്പെടുത്തി. 2017 ൽ വിചാരണ ആരംഭിച്ച കേസിൽ 35 സാക്ഷികളെ വിസ്തരിച്ചു. റാന്നി സി.ഐ ജെ. ഉമേഷ് കുമാർ ആയിരുന്നു അന്വേഷണ ഉദ്യോഗസ്ഥൻ.

അടവുകൾ മാറ്റി മാണി, അയവില്ലാതെ ജോസഫ്

▸ വി. ജയകുമാർ



കോട്ടയം: കേരള കോൺഗ്രസ് മാണി ഗ്രൂപ്പിന് ഒറ്റ സീറ്റ്. ലോക്സഭാ തിരഞ്ഞെടുപ്പിലെ യു.ഡി.എഫ് സീറ്റ് വിഭജനത്തിൽ അക്കാര്യത്തിൽ ഇനി സംശയമില്ല. ജോസഫ് എന്തെല്ലാം സമ്മർദ്ദം ചെലുത്തിയാലും ആ സീറ്റ് കെ.എം. മാണി വിട്ടുകൊടുക്കുകയുമില്ല. പിളർപ്പു പുത്തരിയല്ലാത്ത പാർട്ടിയെ വീണ്ടും കണ്ടുമുട്ടുണ്ടമാക്കാതിരിക്കാൻ രണ്ടു സീറ്റ് എന്ന ആവശ്യം യു.ഡി.എഫിൽ ഒന്നുകൂടി മുറുക്കണമെന്ന അഭിപ്രായം മാണി ഗ്രൂപ്പിൽത്തന്നെ ശക്തമാവുകയാണ്.

കോട്ടയം മാത്രമാണ് പാർട്ടിക്കു കിട്ടുന്നതെങ്കിലും അത് ജോസഫിന് അവകാശപ്പെട്ടതാണെന്ന്, താൻ സ്ഥലത്തിലാത്ത സാഹചര്യത്തിൽ മോൻസ് ജോസഫിനെക്കൊണ്ടു പറയിച്ചത് ജോസഫാണെന്ന കാര്യത്തിൽ ആർക്കുമില്ല സംശയം. ജോസ് കെ. മാണി രാജ്യസഭാ എം.പി ആയിരിക്കെ, ലോക്സഭയിലേക്കുള്ള ടിക്കറ്റ് ജോസഫിനു കൊടുത്താലുള്ള അപകടം മാണിക്കു നന്നായി അറിയാം.

കേരള യാത്ര കഴിഞ്ഞാൽ സ്ഥാനാർത്ഥി ചർച്ച ആരംഭിക്കുമെന്നായിരുന്നു ജോസ് കെ മാണിയുടെ പ്രഖ്യാപനം. 18 ന് യു.ഡി.എഫ് ഉഭയകക്ഷി ചർച്ചയ്ക്കു പിറകേ മാണി ഗ്രൂപ്പ് സ്റ്റിയറിംഗ് കമ്മിറ്റിയും വിളിച്ചിട്ടുണ്ട്. അതിനു മുമ്പ് മുതിർന്ന കോൺഗ്രസ് നേതാക്കളെക്കൊണ്ട് ജോസഫിനെ അനുനയിപ്പിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. 'കേരളയാത്ര യുടെ സമാപനത്തിൽ നിന്ന് വിട്ടുനിന്നതിൽ രാഷ്ട്രീയമില്ലെ'ന്ന് ദുബായിലുള്ള ജോസഫിനെക്കൊണ്ടും പി.ജെ. ജോസഫിന് അതൃപ്തി യില്ലെന്ന് ജോസ് കെ മാണി യെക്കൊണ്ടും പ്രസ്താവന ഇറക്കിച്ചതിനപ്പുറത്തിൽ മാണിയുടെ കളിയല്ലാതെ മറ്റൊന്നുമല്ല.

.താത്ക്കാലിക വെടിനിറുത്തൽ ശ്രമം തുടങ്ങുമ്പോഴും ലോക്സഭ സീറ്റിനായി ജോസഫ് അരയും തലയും മുറുക്കി കളത്തിലിറങ്ങിയാൽ കേരള കോൺഗ്രസിൽ കാര്യം കുഴയും.

ട്രെയിനുകൾക്ക് കടുത്ത നിയന്ത്രണം; പൊങ്കാലയ്ക്കെത്തുന്നവർ വലയും

തിരുവനന്തപുരം: കൊല്ലം, എറണാകുളം, ബംഗളൂരു മേഖലകളിൽ ട്രാക്കിലും സ്റ്റേഷനുകളിലും അറ്റകുറ്റപ്പണി നടക്കുന്നതിനാൽ ഈയാഴ്ച സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ ട്രെയിൻ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. പല ട്രെയിനുകളും റദ്ദാക്കി. പലതും മണിക്കൂറുകൾ വൈകും. 20ന് ആറ്റുകാൽ പൊങ്കാലയിടാൻ വിവിധ ഭാഗങ്ങളിൽ നിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നുമൊക്കെ എത്തുന്ന നൂറുകണക്കിന് ഭക്തർക്ക് നിയന്ത്രണം വലിയ ബുദ്ധിമുട്ടുണ്ടാക്കും.

അങ്കമാലിക്കും എറണാകുളത്തിനുമിടയിൽ ട്രാക്കിൽ എൻജിനിയറിംഗ് ജോലി നടക്കുന്നതിനാൽ 17 മുതൽ 23 വരെ ട്രെയിന